# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1172** | **11.07.2011- ൽ നൽകിയ താൽക്കാലിക മറുപടിയിന്മേലുള്ള അന്തിമ മറുപടി**

## കൃഷി വകുപ്പിലെ പ്രൊമോഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.കെ.കെ.ലതിക | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | കൃഷി അസിസ്റ്റന്റുമാരിൽ നിന്നും ഉദ്യോഗക്കയറ്റം നൽകി കൃഷി ഓഫീസർമാരായി നിയമനം നടത്തുന്നതിന് പിന്തുടരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | പി.എസ്.സി. നടത്തുന്ന യോഗ്യത നിർണ്ണയ പരീക്ഷ പാസ്സാകുന്ന കൃഷി അസിസ്റ്റന്റുമാരുടെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുകയും തുടർന്ന് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. തുടർന്ന് ട്രാൻസ്ഫർ അപ്പോയ്മെന്റ് മുഖേന കൃഷി ഓഫീസറായി നിയമിക്കുന്നതിന് നീക്കി വച്ചിട്ടുള്ള 15% ക്വാട്ടയിൽ ഒഴിവ് വരുന്ന മുറയ്ക്ക് അവരുടെ സീനിയോരിറ്റി ക്രമത്തിൽ കൃഷി ഓഫീസറായി നിയമനം നടത്തി വരുന്നു. ഇതിൽ 13% പി.എസ്.സി. നടത്തുന്ന എലിജിബിലിറ്റി ടെസ്റ്റ് പാസ്സായ കൃഷി അസിസ്റ്റന്റ്മാർക്കും 2% BSC Agriculture degree യോഗ്യതയുള്ള കൃഷി അസിസ്റ്റന്റ്മാർക്കുമാണ് നീക്കിവച്ചിട്ടുള്ളത്. |
| (ബി) | കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുന്നതിനുള്ള യോഗ്യതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിലുള്ള വ്യവസ്ഥ പ്രകാരം പി.എസ്.സി. നടത്തുന്ന യോഗ്യത നിർണ്ണയ പരീക്ഷ പാസ്സാവുകയും കൃഷി അസിസ്റ്റന്റ് തസ്തികയിൽ 10 വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കുകയും വേണം. ബി.എസ്.സി (അഗ്രി) ബിരുദമുള്ള കൃഷി അസിസ്റ്റന്റുമാർക്ക് പ്രസ്തുത തസ്തികയിൽ 3 വർഷത്തെ സേവനം പൂർത്തീകരിച്ചിരിക്കണം. |

| | |
|---|---|
| (സി) ഇത് സംബന്ധിച്ച് വകുപ്പുതലത്തിൽ പുറപ്പെടുവിച്ചിട്ടുള്ള പ്രത്യേക ഉത്തരവുകളോ സർക്കുലറുകളോ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; | (സി) കൃഷി അസിസ്റ്റന്റ് തസ്തികയിൽ നിന്ന് കൃഷി ഓഫീസറായി ട്രാൻസ്ഫർ അപ്പോയ്മെന്റ് മുഖേന നിയമനം ലഭിക്കുന്നതിനായി യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് 08.01.1980-ലെ ജി.ഒ (എം.എസ്) നം.7/80/എ.ഡി ഉത്തരവിന്റേയും 12.10.1999 തീയതിയിലെ ജി.ഒ (എം.എസ്) നം.291/99/കൃഷി, 10.07.2008 തീയതിയിലെ ജി.ഒ (ആർ.റ്റി) നം.1342/08/എ.ഡി എന്നീ സർക്കാർ ഉത്തരവിന്റേയും പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) കൃഷി അസിസ്റ്റന്റുമാരിൽ നിന്നും പ്രൊമോഷൻ വഴി കൃഷി ഓഫീസർ നിയമനം നടത്തുന്നതിന് അവസാനമായി എന്നാണ് പരീക്ഷ നടന്നതെന്ന് വ്യക്തമാക്കുമോ; ആയതിന് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) കൃഷിവകുപ്പിലെ കൃഷി അസിസ്റ്റന്റുമാരിൽ നിന്നും തസ്തികമാറ്റം വഴി കൃഷി ഓഫീസറായി നിയമനം നടത്തുന്നതിനുള്ള അർഹതാ നിർണ്ണയ പരീക്ഷ അവസാനമായി നടത്തിയത് 29.10.05-ൽ ആണ്. 03.08.04-ൽ പ്രസിദ്ധീകരിച്ച ടി പരീക്ഷയുള്ള വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഇ) അടുത്ത പ്രൊമോഷൻ ടെസ്റ്റ് നടത്തുന്നതിന് തീയതി നിശ്ചയിച്ചിട്ടുണ്ടോ എന്നും ആയതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി എന്നും വ്യക്തമാക്കുമോ? | (ഇ) അടുത്ത അർഹതാ നിർണ്ണയ പരീക്ഷയുള്ള വിജ്ഞാപനം 12.08.11-ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 279/11 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരീക്ഷയുള്ള തീയതി നിശ്ചയിച്ചിട്ടില്ല. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ